ഉത്തരം

(എ) ഇല്ല. എന്നാൽ പറശ്ശിനിക്കടവിൽനിന്നും കൊറ്റിക്കടവിലേക്കും കോട്ടപ്പുറത്തുനിന്നും കൊറ്റിക്കടവിലേക്കും സർവ്വീസ് നടത്തുന്നുണ്ട്. ഇത് കണ്ടക്ടഡ് സർവ്വീസ് ആയി നടത്തിവരുന്നതിനാൽ യാത്രക്കാർക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

(ബി) നിലവിലുള്ള സർവ്വീസുകൾക്കുപുറമേ കൂടുതൽ സർവ്വീസുകൾ നടത്തുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

85 (373) റയിൽവേ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ വികസനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം റെയിൽപ്പാത ഇരട്ടിപ്പിക്കലിനാണ് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചിട്ടുള്ളത്;

(ഡി) ഇതനുസരിച്ച് ഏതെല്ലാം റെയിൽവേ പാതയുടെ ഇരട്ടിപ്പിക്കൽ പണിയാണ് നടന്നുകൊണ്ടിരിക്കുന്നത്;

(ഇ) ഇവയുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു കോച്ച് ഫാക്ടറി, കോച്ച് നന്നാക്കുന്ന യൂണിറ്റ്, ഷൊർണ്ണൂർ മാംഗ്ലൂർ റെയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ, എറണാകുളം തിരുവനന്തപുരം ലൈൻ ഇലക്ട്രിഫിക്കേഷൻ, ശബരി റെയിൽവെ ലൈനിന് ആവശ്യമായ തുക അനുവദിക്കുക, തലശ്ശേരി മൈസൂർ ലൈൻ അനുവദിക്കുക, കുറ്റിപ്പുറം ഗുരുവായൂർ റെയിൽവേ ലൈൻ, കൊല്ലം ചെങ്കോട്ട ഗേജ് കൺവെർഷൻ നടത്തുന്നതിനാവശ്യമായ തുക അനുവദിക്കുക കായംകുളം എറണാകുളം ലൈൻ (ആലപ്പുഴ വഴി) ഇരട്ടിപ്പിക്കുക, നേമം തിരുവനന്തപുരത്തിനെ സാറ്റലൈറ്റ് സ്റ്റേഷൻ ആക്കുക, നെടുമ്പാശ്ശേരിയിൽ റെയിൽവേസ്റ്റേഷൻ നിർമ്മിക്കുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ബി)(സി)&(ഡി) കൊല്ലം-തിരുവനന്തപുരം റെയിൽപ്പാത ഇരട്ടിപ്പിക്കൽ, പാലക്കാട്-എറണാകുളം, തിരുവനന്തപുരം എറണാകുളം ഇലക്ട്രിഫിക്കേഷൻ, കോഴിക്കോട്-മാംഗ്ലൂർ, ഷൊർണ്ണൂർ-കോഴിക്കോട് എന്നീ പാതകളുടെ ഇരട്ടിപ്പിക്കലിനും കൊല്ലം ചെങ്കോട്ട ബ്രോഡ്ഗേജ് ആക്കുന്നതിനും ഉള്ള അംഗീകാരം ആയിട്ടുണ്ട്. ടി പാതകളുടെ ഇരട്ടിപ്പിക്കൽ പണികൾ അവസാനഘട്ടത്തിലേക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൊല്ലം, തിരുവനന്തപുരം പാത ഇരട്ടിപ്പിക്കൽ 2000 മാർച്ചിൽ പൂർത്തിയാകുമെന്നും, കോഴിക്കോട്-മാംഗ്ലൂർ പാതയുടെ പണി 15-3-2000-ൽ തീരുമെന്നും റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്.

86 (374) ശബരിമലയിലെ തിരക്ക് നിയന്ത്രണം

ശ്രീ. കെ. സുധാകരൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുന്നതിനേയും അപകടം ഒഴിവാക്കുന്നതിനേയും പറ്റി പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഡി.ജി.പി. ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചിരുന്നുവോ;

(ബി) ഈ സമിതിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(സി) ഈ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) ഈ ശുപാർശകൾ നടപ്പാക്കിയോ?

ഉത്തരം

(എ) നിയോഗിച്ചിരുന്നു.

(ബി) റിപ്പോർട്ട് 8.2.1999-ൽ കിട്ടിയിട്ടുണ്ട്.

(സി) പമ്പയിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള പ്രശ്നങ്ങൾ ഒഴിവാക്കുക, പമ്പയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുക, പമ്പയിൽ ഹിൽടോപ്പിൽ മകരവിളക്ക് ദർശനത്തിനു കൂടുന്ന അയ്യപ്പൻമാരുടെ കൂട്ടത്തെ നിയന്ത്രിക്കുക, സന്നിധാനത്തെ പതിനെട്ടാംപടിയുടെ മുമ്പിലെ നീണ്ട ക്യൂ നിയന്ത്രിക്കുക, മകരവിളക്കു ദിവസം സന്നിധാനത്തനുഭവപ്പെടുന്ന അയ്യപ്പൻമാരുടെ തിരക്ക് നിയന്ത്രിക്കുക എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളത്.

(ഡി) ഡി.ജി.പി.യുടെ ശുപാർശകൾ ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ ചർച്ച ചെയ്തു. ഈ സീസണിൽ നടപ്പാക്കാവുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. മറ്റു നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

87 (375) ഗുരുവായൂർ ദേവസ്വത്തിൽ സർവ്വീസിൽനിന്നും പിരിഞ്ഞവരുടെ നിയമനം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിൽ 33 വർഷം ജോലി ചെയ്തു പിരിഞ്ഞയാളെ ദേവസ്വം നിയന്ത്രണത്തിലുള്ള ശ്രീകൃഷ്ണ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ശിപായി ആയി നിയമനം നൽകിയിട്ടുണ്ടോ;

(ബി) സർവ്വീസിൽനിന്നും വിരമിക്കുന്നവർക്ക് നിയമനം നൽകുന്ന രീതി ഗുരുവായൂർ ദേവസ്വത്തിൽ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് നിർത്തലാക്കി തൊഴിലില്ലാത്തവരായ യുവജനങ്ങൾക്ക് തൊഴിൽ നൽകാൻ ദേവസ്വത്തിന് സർക്കാർ ഉപദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly